## പതിമൂന്നാം കേരള നിയമസഭ
## ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 192 — 10.12.2012 ന് മറുപടിക്ക്

## പാട്ടക്കരാർ ലംഘിച്ച നെല്ലിയാമ്പതിയിലെ ചെറുനെല്ലി എസ്റ്റേറ്റ് ഏറ്റെടുക്കൽ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. ബാബു. എം.പാലിശ്ശേരി | ശ്രീ. കെ. ബി. ഗണേഷ്കുമാർ (വനവും സ്പോർട്സും സിനിമയും വകുപ്പു മന്ത്രി) |
| (എ) പാട്ടക്കരാർ ലംഘിച്ച നെല്ലിയാമ്പതിയിലെ ചെറുനെല്ലി എസ്റ്റേറ്റ് വനഭൂമിയാണോ റവന്യു ഭൂമിയാണോ; വ്യക്തമാക്കുമോ; | (എ) പാട്ടക്കരാർ ലംഘിച്ച നെല്ലിയാമ്പതിയിലെ ചെറുനെല്ലി എസ്റ്റേറ്റ് വനഭൂമിയാണ് |
| (ബി) വനം വകുപ്പ് വനഭൂമി എന്ന നിലയിൽ, പ്രസ്തുത എസ്റ്റേറ്റ് ഏറ്റെടുക്കുന്നത് എപ്പോഴാണ്; ഏറ്റെടുത്ത് കൊണ്ടുള്ള ഉത്തരവ് ലഭ്യമാക്കുമോ; | (ബി) ചെറുനെല്ലി എസ്റ്റേറ്റിന്റെ പാട്ടം റദ്ദ് ചെയ്തുകൊണ്ടുള്ള സർക്കാർ ഉത്തരവ് (എം.എസ്).57/2011/വനം തീയതി 09-12.2011 പ്രകാരം ചെറുനെല്ലി എസ്റ്റേറ്റ് 10-12.2011 ന് സർക്കാരിലേക്ക് തിരികെ ഏറ്റെടുക്കുകയുണ്ടായി. എന്നാൽ ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ നിർദ്ദേശപ്രകാരം തോട്ടം മുൻകൈവശക്കാർക്ക് തിരികെ കൊടുത്തിട്ടുണ്ട്. തുടർന്ന് 8-6-2012 ലെ ജി.ഒ.(എം.എസ്).നം. 64/2012/വനം പ്രകാരം ചെറുനെല്ലി എസ്റ്റേറ്റ് ഏറ്റെടുക്കുന്നതിന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചെങ്കിലും തോട്ടമുടമകൾ ബഹു ഹൈക്കോടതിയിൽ നിന്നും സ്റ്റേ സമ്പാദിച്ചതിനാൽ ഏറ്റെടുക്കാൻ കഴിഞ്ഞിട്ടില്ല. സ്റ്റേ ഒഴിവാക്കി |

| | | | |
|---|---|---|---|
| | | | കിട്ടുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സർക്കാർ ഉത്തരവുകളുടെ പകർപ്പുകൾ ഉള്ളടക്കം ചെയ്യുന്നു. |
| (സി) | പ്രസ്തുത എസ്റ്റേറ്റ് പാട്ടത്തിന് നൽകിയത് ആരായിരുന്നു: ആർക്കായിരുന്നു നൽകിയിരുന്നത് പാട്ടക്കാലാവധി കഴിഞ്ഞത് ഏത് തീയതിയിലായിരുന്നു; എസ്റ്റേറ്റ് വന ഭൂമിയായി മാറുന്നത് ഏത് ഘട്ടത്തിലായിരുന്നു; | (സി) | 26-09-1867 ൽ കൊച്ചിൻ ഗവൺമെന്റ് ഡബ്ളിയു. സ്മിത്ത് എന്നയാൾക്കാണ് ചെറുനെല്ലി എസ്റ്റേറ്റ് പാട്ടത്തിന് നൽകിയത്. പാട്ടക്കാലാവധി എക്കാലത്തേയ്ക്കും (forever) ആണ്. 08.05.1909 ലെ കൊച്ചിൻ ദിവാന്റെ റിസർവ്വ് നോട്ടിഫിക്കേഷൻ പ്രകാരം ഇത് നെല്ലിയാമ്പതി റിസർവ്വ് ഫോറസ്റ്റിൽ ഉൾപ്പെടുന്നു. |
| (ഡി) | വനഭൂമി സംരക്ഷിക്കുന്നതിന് വനം വകുപ്പ് നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കേ ഗവ. ചീഫ് വിപ്പ്, പ്രസ്തുത എസ്റ്റേറ്റ് റവന്യൂ ഭൂമിയാണെന്ന നിലയിൽ നിലപാട് സ്വീകരിക്കുകയും അതിനനുസരിച്ച് **27-07-2012-ൽ** മാതൃഭൂമി ദിനപത്രത്തിൽ ലേഖനം എഴുതുകയും ചെയ്തിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ഡി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് |
| (ഇ) | എസ്റ്റേറ്റ് ഏറ്റെടുത്തതുമായി ബന്ധപ്പെട്ട കോടതിയിലെ കേസിൽ സർക്കാർ വാദം ദുർബ്ബലമാക്കാൻ ഗവ. ചീഫ് വിപ്പിന്റെ ലേഖനം കാരണമായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? | (ഇ) | സർക്കാർ വാദം കോടതിയിൽ ദുർബലമായിട്ടില്ല. |

സെക്ഷൻ ഓഫീസർ

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**